


# നേരും നെറിയും

## ഡോ. പൗലോസ് മാർ ഗ്രീഗോറിയോസിനെ സ്വാധീനിച്ച പത്രോസ് റമ്പാൻ

**പി**താവിന്റെ ഒരു രണ്ടാം മച്ചുനൻ ആയ പത്രോസ് ശെമ്മാശ്ശൻ (പിന്നീട് പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ) പൗലോസ് മാർ ഗ്രീഗോറിയോസിന്റെ ബാല്യകാലത്തെ ആരാധനാപുരുഷനായിരുന്നു. ഡോ. ബി. ആർ. അംബേദ്കറുടെയും, ശ്രീനാരായണ ഗുരുവിന്റെയും, സഹോദരൻ അയ്യപ്പന്റെയും, അയ്യങ്കാളിയുടെയും ഗണത്തിൽ തലയുയർത്തി നിൽക്കുന്ന ഒരു സാമൂഹിക പരിഷ്കർത്താവാണ് പത്രോസ് ശെമ്മാശ്ശൻ. മഹാനായ ഈ സാമൂഹ്യപരിഷ്കർത്താവിനെ വളരെ ചെറുപ്പത്തിൽ തന്നെ അടുത്തു പരിചയപ്പെടുവാൻ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായ്ക്കു സാധിച്ചു. പത്രോസ് ശെമ്മാശ്ശൻ അല്പം തീപ്പൊരി തന്നിലേക്കു നിവേശിപ്പിക്കുകയും ചെയ്തു എന്ന് മെത്രാപ്പോലീത്താ ഓർക്കുന്നു.



"അക്കാലത്തെ ഒരു പ്രമുഖ സാമൂഹ്യപ്രവർത്തകനായിരുന്നു അദ്ദേഹം. തിരുവിതാംകൂറിലെയും കൊച്ചിയിലെയും 'തൊട്ടുകൂടാത്തവരുടെ' ഉന്നമനമായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. ഉജ്ജ്വലനായ ഒരു വാഗ്മി കൂടിയായിരുന്നു അദ്ദേഹം. സദാ സഞ്ചാരത്തിലായിരിക്കും. അതിലളിതമായ ജീവിതം നയിച്ചുകൊണ്ട്, നാടുനീളെ നടക്കുന്ന ഒരു ത്യാഗധനൻ. ആരുടെയിടയിൽ പ്രവർത്തിച്ചുവോ ആ പാവപ്പെട്ടവരുടെ ജീവിതരീതികളുമായി പൊരുത്തപ്പെട്ടു ജീവിക്കുവാൻ അദ്ദേഹം നിഷ്ഠവച്ചു."

"ഒരു ദിവസം അദ്ദേഹം തന്റെ പൂർവ്വിക കുടുംബം സന്ദർശിക്കാനെത്തി. ഞങ്ങളുടെ വീടിനു തൊട്ടടുത്താണത്. ഒരു കൊച്ചുകുട്ടിയായ ഞാൻ ആ വീട്ടിലേക്ക് കയറിച്ചെന്നു. ആദ്യമേ ഞാനവിടെ കണ്ടത് ശെമ്മാശ്ശന്റെ ഏറ്റവും മൂത്ത സഹോദരൻ എം. പി. വർക്കിയെയാണ്; യുക്തിവാദിയായ ഒരു നാസ്തികനാണദ്ദേഹം. അദ്ദേഹവും പൂർവ്വികഗൃഹത്തിൽ ഒരു ഹ്യസ്വസന്ദർശനത്തിനെത്തിയതാണ്. "കുട്ടി ആരെ കാണാനാണു വന്നത്?" അദ്ദേഹം എന്നോടു ചോദിച്ചു. "ദൈവത്തെ കാണണമെന്നുണ്ടെങ്കിൽ അതാ അദ്ദേഹം അടുത്ത മുറിയിലുണ്ട്. അതല്ല പിശാചിനെയാണ് കാണേണ്ടതെങ്കിൽ, ആ ആൾ ഇതാ നിന്റെ മുമ്പിൽ തന്നെ നിൽക്കുന്നു." ആ ചോദ്യം എന്നെ കുറച്ചൊന്ന് അമ്പരപ്പിക്കാതിരുന്നില്ല. പത്രോസ് ശെമ്മാശ്ശനെ കാണാനാണു വന്നതെന്നു മാത്രം പറഞ്ഞു ഞാൻ അടുത്ത മുറിയിലേക്കു പോയി."



"പത്രോസ് ശെമ്മാശ്ശൻ സ്നേഹത്തോടെ എന്നെ സ്വീകരിച്ചു. ലളിതമായി ജീവിക്കണമെന്നും പാവങ്ങളെ സേവിക്കണമെന്നും ഉപദേശം തന്നു. എന്റെ പിതാമഹൻ തന്റെ തലതൊട്ടപ്പനായിരുന്നുവെന്ന് ശെമ്മാശ്ശൻ പറഞ്ഞു.

അദ്ദേഹത്തിന്റെ മാതാമഹി എന്റെ പ്രപിതാമഹന്റെ സഹോദരിയായിരുന്നെന്നു തോന്നുന്നു. ഏതായാലും വളരെ പ്രചോദന പ്രേരകമായ ഒരു സന്ദർശനമായിരുന്നു അത്. അദ്ദേഹം അല്പം തീപ്പൊരി എന്നിലേക്കു നിവേശിപ്പിച്ചിരിക്കണം."



മെത്രാപ്പോലീത്താ വിദേശ രാജ്യങ്ങളിലെ പഠനങ്ങൾക്കു ശേഷം 1954-ൽ ജന്മനാട്ടിലേക്ക് തിരികെപോന്നു. 1947-ൽ എത്യോപ്യയിലേക്ക് അദ്ധ്യാപകനായി പോയശേഷം അദ്ദേഹം തിരികെവന്നിരുന്നില്ല. ഏഴു വർഷത്തിനുശേഷമാണ് തിരികെ വരുന്നത്. വീട്ടിലെത്തി ഏതാനുംനാൾ താമസിച്ചു. സ്വന്തം പരിശ്രമത്താൽ ഡിഗ്രി പഠനം നടത്തിയിട്ടാണ് എത്തിയിരിക്കുന്നത്.

പോൾ വർഗീസ് കേരളത്തിലേക്ക് മടങ്ങി വരുന്ന വിവരം അറിഞ്ഞ്, അദ്ദേഹത്തിന്റെ ബന്ധുവായ പത്രോസ് റമ്പാൻ (സ്ലീബാദാസ സമൂഹസ്ഥാപകനായ പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ) അമേരിക്കയിലേക്ക് ഒരു കത്തയച്ചിരുന്നു. കത്തിൽ വർഗീസിനോട് അദ്ദേഹം ഇങ്ങനെ ആവശ്യപ്പെട്ടു: "നീ ഒരുപാട് പഠിച്ചു. ഇനി എന്താണ് നിന്റെ ഭാവി പരിപാടികൾ? എന്റെ ഈ പ്രസ്ഥാനത്തിൽ (സ്ലീബാദാസ സമൂഹം) നീ പ്രവർത്തിക്കണമെന്നാണ് എന്റെ ആഗ്രഹം."

നാട്ടിലെത്തി അധികം താമസിയാതെ വർഗീസ്, പത്രോസ് റമ്പാനോടൊപ്പം കൂടി. പുതുക്രിസ്ത്യാനികൾക്കുള്ള കോടിവസ്ത്രങ്ങളുടെ ഭാണ്ഡവുംപേറി കാൽനടയായി വടക്കൻ പ്രദേശങ്ങളിൽ അവർ യാത്ര ചെയ്തു. പള്ളികളിലും നാൽക്കവലകളിലും സുവിശേഷയോഗങ്ങൾ നടത്തുക, പുതുക്രിസ്ത്യാനികൾക്ക് വസ്ത്രങ്ങൾ നൽകുക, അവരുടെ ഭവനങ്ങൾ സന്ദർശിക്കുക, പാവപ്പെട്ടവരെ സഹായിക്കുക തുടങ്ങിയവയായിരുന്നു പരിപാടികൾ. പള്ളികളിലും, കക്ഷിവഴക്കുകൾ മൂലം അവിടെ കയറാൻ അനുവദിച്ചില്ലെങ്കിൽ പള്ളിയുടെ നാടകശാലയിലുമൊക്കെ കിടന്നുറങ്ങിയായിരുന്നു സഞ്ചാരം. ഒരു പള്ളിയിലെത്തിയപ്പോൾ, പള്ളി തുറന്നു കൊടുക്കാഞ്ഞതുമൂലം പത്രോസ് റമ്പാന് നാടകശാലയിലിരിക്കേണ്ടി വന്നു. ഇടവക ജനങ്ങൾ എത്തി അദ്ദേഹത്തിനുമേൽ അക്ഷേപവും പരിഹാസവും ചൊരിഞ്ഞു. ആ സമയത്ത് അതിന് ചെവികൊടുക്കാതെ പഴങ്കഞ്ഞി കുടിച്ചുകൊണ്ടിരുന്ന പത്രോസ് റമ്പാന്റെ ചിത്രം ഹൃദയസ്പർശിയായിരുന്നു. മെത്രാപ്പോലീത്താ ഈ രംഗം എന്നും ഓർമ്മിച്ചിരുന്നു. സന്യാസത്തെക്കുറിച്ച് പഠിപ്പിക്കുമ്പോഴൊക്കെ ഈ സംഭവത്തിന്റെ പശ്ചാത്തലത്തിൽ, പത്രോസ് റമ്പാന്റെ താഴ്മയും വിനയവും നിറഞ്ഞ ജീവിതത്തെക്കുറിച്ച് മെത്രാപ്പോലീത്താ പറയുമായിരുന്നു.

ചേങ്ങല കൊട്ടിയും തമ്പേറടിച്ചും ചിത്രച്ചുരുളുകൾ കാണിച്ചും പറയരുടെയും പുലയരുടെയും ഇടയിൽ പത്രോസ് റമ്പാനും വർഗീസും സ്ലീബാദാസന്മാരും സുവിശേഷവേല ചെയ്തു. താഴ്ന്ന ജാതിക്കാരുടെ ഭവനങ്ങൾ സന്ദർശിക്കുകയും അവർക്ക് സുവിശേഷവെളിച്ചം പകർന്നുകൊടുക്കുകയും ചെയ്യുക എന്നത് സുവിശേഷവേലയുടെ അവിഭാജ്യ ഘടകമായിരുന്നു. രാത്രിയിൽ പള്ളിയിൽ വച്ചാണ് സുവിശേഷയോഗം നടത്തുക. യോഗാരംഭത്തിന് മുമ്പ് ചേങ്ങല കൊട്ടുമ്പോൾ സമീപവാസികളെല്ലാം പള്ളിയിലെത്തും. സന്ധ്യാ നമസ്ക്കാരത്തിനു ശേഷം യോഗം ആരംഭിക്കും. യോഗാനന്തരം സാധുക്കളായ വിധവകൾ, കുഷ്ഠരോഗികൾ, അന്ധർ, ബധിരർ, അംഗഹീനർ എന്നിവർക്ക് ഓരോ കോടി വസ്ത്രവും, ചികിത്സ ആവശ്യമുള്ള രോഗികൾക്ക് സാമ്പത്തിക സഹായവും നൽകും.

യാത്രയ്ക്കിടയിൽ പല കാര്യങ്ങൾ സംസാരിക്കുന്നതിനിടയിൽ ഒരിയ്ക്കൽ പത്രോസ് റമ്പാൻ വർഗീസിനോടു പറഞ്ഞു: "നീ ഈ പ്രസ്ഥാനത്തിന്റെ കൂടുതൽ നടത്തിപ്പിനും, വിജയത്തിനും വേണ്ടി ഒരു രേഖ എഴുതിയുണ്ടാക്കണം." വർഗീസ് അതനുസരിച്ച് വളരെ ചിന്തിച്ചും ആലോചിച്ചും, ബുദ്ധിമുട്ടിയും ഒരു വ്യവസ്ഥ എഴുതിയുണ്ടാക്കി. അത് അദ്ദേഹം റമ്പാനെ വായിച്ചു കേൾപ്പിച്ചു. "കൊള്ളാം വളരെ നല്ലത്" എന്ന് പ്രതികരിച്ചുകൊണ്ട് പത്രോസ് റമ്പാൻ അത് വാങ്ങി പെട്ടിയിൽ വച്ചു; പെട്ടിയുമടച്ചു. അത് പിന്നീടൊരിക്കലും വെളിച്ചം കണ്ടതുമില്ല!

മൂന്നാഴ്ച നീണ്ടുനിന്ന ഈ യാത്രയുടെ ഒടുവിൽ വർഗീസ്, പത്രോസ് റമ്പാനോട് പറഞ്ഞു: "ഇനി ഞാൻ കോട്ടയം വരെ ഒന്നു പോകട്ടെ. എനിക്ക് അദ്ധ്യാപനമാണ് താല്പര്യം." അങ്ങനെ ഇരുവരും സ്നേഹപൂർവ്വം വേർപിരിഞ്ഞു.

ലോകം കണ്ട ധിഷണാശാലികളിൽ ഒരാളായ പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായെ സ്വാധീനിച്ച പത്രോസ് മാർ ഒസ്താത്തിയോസ് തന്റെ സ്വതസിദ്ധമായ ജീവിതശൈലിയിൽ തന്നെ മുന്നോട്ടു നീങ്ങി.

**ജോയ്സ് തോട്ടയ്ക്കാട്**

ജനുവരി 25, 2008

കോട്ടയം